Deivarajyam November 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/11/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691




# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിന്‍

വാല്യം 53
നവംബര്‍ 2014
ലക്കം 11

## വിശുദ്ധ പദവിയിലേയ്ക്ക്





2014 November 23

## Golden Jubilee Greetings


Rev. Fr. Joseph Kavumpuram


Rev. Fr. Jacob Kalapurackal


Rev. Fr. Mathew Kunnath


Rev. Fr. Thomas Kapiarumala

## Silver Jubilee Greetings


Rev. Dr. Mathew Kochupurackal


Rev. Dr. Mathew Thottathimyalil


Rev. Fr. Nicholas Moolasseril


Rev. Dr. Joseph Kochuparambil


Rev. Fr. Sebastian Arolichalil

അഭിനന്ദനങ്ങൾ !!!
പ്രാർത്ഥനാശംസകൾ !!!



**Mar Ephrem Narikulam**
Bishop of Chanda



**Mar Joy Alappatt**
Auxiliary Bishop of St. Thomas
Syro-Malabar Catholic Diocese of Chicago

അഭിനന്ദനങ്ങൾ !!!
പ്രാർത്ഥനാശംസകൾ !!!



**Mar George Njaralakkattu**
Archbishop of Thalassery

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII    No. 11    November 2014


## വാഴ്ത്തപ്പെട്ട ചാവറയച്ചനും എവുപ്രാസ്യമ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന തിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരൻമാരേ,

ഭാരതസഭയുടെ, പ്രത്യേകമായി കേരളസഭയുടെ ചരിത്രത്താളുകളിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന ദിനമാണ് 2014 നവംബർ 23. അന്നു റോമിലെ വിശുദ്ധപത്രോസിന്റെ ബസ്ലിക്കായുടെ ചത്വരത്തിൽ വെച്ച് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കും. അവർ പങ്കുവെച്ച വിശുദ്ധമായ ജീവിതത്തിനും അവർ വഴി സഭാസമൂഹത്തിനു ലഭിച്ച നന്മകൾക്കും വേണ്ടി നമുക്ക് ദൈവത്തിനു നന്ദി പറയാം.

ദൈവതിരുമനസ്സിനു വിധേയനായി പ്രാർത്ഥനയെയും പ്രവർത്തനത്തെയും അനുദിനജീവിതത്തിൽ സംയോജിപ്പിച്ച വലിയ മനുഷ്യനാണ് ചാവറയച്ചൻ. പ്രാർത്ഥന ജീവിതവിളിയായി സ്വീകരിച്ച് അനേകർക്ക് ദൈവതിരുമനസ്സ് വെളിപ്പെടുത്തിക്കൊടുത്തവളാണ് എവുപ്രാസ്യമ്മ. ദൈവത്തെ "തന്റെ ഓഹരിയും പാനപാത്രവുമായി" (സങ്കീ. 16/5) ചാവറയച്ചൻ തിരിച്ചറിഞ്ഞപ്പോൾ "എനിക്ക് എന്റെ ദൈവമല്ലാതെ ആരുമില്ല, നിശ്ചയം" എന്നതായിരുന്നു എവുപ്രാസ്യമ്മയുടെ ജീവിത ദർശനം. ദൈവത്തോടൊത്തുള്ള സഹവാസം വർധിച്ചതനുസരിച്ച് സഹോദരങ്ങളോടുള്ള കടമകൾ തിരിച്ചറിയാനുള്ള ഉൾക്കാഴ്ച ഇരുവരും പ്രകടമാക്കി.



### വാഴ്ത്തപ്പെട്ട ചാവറയച്ചൻ

അറുപത്തിയാറു വർഷംകൊണ്ട് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചെയ്ത നന്മകൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. 'നന്മ ചെയ്യാത്ത ഒരു ദിവസം നിന്റെ ആയുസിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെടുകയില്ല' എന്ന അദ്ദേഹത്തിന്റെ പാഠ്യം സ്വന്തജീവിതത്തിൽ എന്നും പ്രാവർത്തികമാക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. 1805 ഫെബ്രുവരി 10-ന് ചാവറ കുര്യാക്കോസ്-മറിയം ദമ്പതികളുടെ ഇളയമകനായി കുര്യാക്കോസ് കൈനകരിയിൽ ജനിച്ചു. 1829 നവംബർ 29-ന് വൈദികനായി.

തദ്ദേശീയമായ രണ്ടു സമർപ്പിത സമൂഹങ്ങളുടെ സ്ഥാപകൻ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരിജനറാൾ എന്നീ മഹനീയ പദവികൾ അദ്ദേഹം വഹിച്ചു. മലയാളം, തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകൾ അദ്ദേഹത്തിനു അറിയാമായിരുന്നു. ദൈവത്തെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും തിരുസഭയെക്കുറിച്ചും കൂടുതൽ അറിയാനായിരുന്നു അദ്ദേഹം ആ ഭാഷകൾ പഠിച്ചത്. മത, സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും ദൈവമനുഷ്യബന്ധങ്ങളിൽ നിന്നും ലഭിച്ച തിരിച്ചറിവിലൂടെ പൊതുസമൂഹത്തിന്റെ നിരവധിയായ ആവശ്യങ്ങൾക്കുവേണ്ടി പുതുമയാർന്ന പല കാര്യങ്ങളും അദ്ദേഹം പ്രവൃത്തിപഥത്തിലാക്കി.

മാന്നാനത്തെ ആദ്യആശ്രമത്തോടു ചേർന്ന് 1833-ൽ തുടങ്ങിയ സെമിനാരിയായിരുന്നു ഇടവക മല്പാനേറ്റുകൾക്കുശേഷം കേരളസഭയിൽ ആദ്യം ഉണ്ടായ പൊതുസെമിനാരി. റോക്കോസ് ശീശ്മകാലത്തു ചാവറയച്ചൻ നല്കിയ വൈദികപരിശീലനത്തിന്റെ മേന്മ തിരിച്ചറിഞ്ഞിരുന്ന അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്താ ബർണർദ്ദീൻ ബച്ചിനെല്ലി 1866-ൽ പുത്തൻപള്ളിയിലാരംഭിച്ച സെമിനാരിയുടെ ചുമതല ചാവറയച്ചനെ ഏല്പിച്ചു. ഏതാണ്ട് മുപ്പത്തിയഞ്ചിലേറെ വർഷം അച്ചൻ വൈദികപരിശീലനരംഗത്ത് പ്രവർത്തിച്ചു. വൈദികവിദ്യാർത്ഥികൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന മതിപ്പ് അളവറ്റതായിരുന്നു. അന്ന് ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ സന്ന്യാസവൈദികൻ ചാവറയച്ചനായിരുന്നെങ്കിൽ ഇന്ന് 150 വർഷങ്ങൾക്കുശേഷം മൂന്നുവ്യക്തിഗത സഭകളിലായി അനേകം സന്ന്യസ്തസമൂഹങ്ങളും പതിനായിരക്കണക്കിന് സന്ന്യസ്തരും ദൈവശുശ്രൂഷ ചെയ്യുന്നു. ഇവർ തിരുസഭയ്ക്കു

ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ചാവറയച്ചന്റെ വിശുദ്ധപദവി പ്രഖ്യാപനം നമ്മെ സഹായിക്കട്ടെ!

വിദേശ മിഷനറിമാർ തുടക്കമിട്ട വിദ്യാഭ്യാസപ്രവർത്തനത്തിന്റെ തുടർച്ചയായി 1846-ൽ മാന്നാനത്ത് സംസ്കൃത സ്കൂൾ ആരംഭിച്ചുകൊണ്ട് 25 വർഷം നീണ്ടുനിന്ന ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളും അദ്ദേഹം തുടങ്ങിയ അച്ചടിശാലയും സാമൂഹികനവോത്ഥാനത്തിനും സ്ത്രീശക്തീകരണത്തിനും വഴി തെളിച്ചു. കേരളത്തെ ഇൻഡ്യയിലെ ആദ്യത്തെ സാക്ഷരസംസ്ഥാനമാകുന്നതിനു സഹായിക്കുകയും ചെയ്തു. കവി, ഗ്രന്ഥകാരൻ എന്നീ നിലകളിൽ അദ്ദേഹം മലയാളഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ആത്മാനുതാപം, മരണപാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം എന്ന ഖണ്ഡകാവ്യം എന്നിവ അദ്ദേഹത്തിന്റെ സാഹിത്യമികവ് വിളിച്ചോതുന്നവയാണ്. കേരളത്തിലൂണ്ടായ ആദ്യത്തെ അഗതിമന്ദിരത്തിന് ചാവറയച്ചൻ പ്രേരണകൊടുത്തത് ഇപ്രകാരമാണ്: ''നിങ്ങളുടെ കുരിശുപള്ളിയുടെ (കൈനകരി) സമീപത്തായി ചെറുതായിട്ടെങ്കിലും ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് ആരുമില്ലാത്തവരെയോ വഴിപിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇത് മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരും.'' കേരളത്തിലെ ആതുരശുശ്രൂഷാകേന്ദ്രങ്ങളുടെയും അനാഥശാലകളുടെയും തുടക്കമായിരുന്നു ഇത്. അതുപോലെ 1853-ൽ മാന്നാനത്ത് ആരംഭിച്ച വിശ്വാസ പരിശീലനകേന്ദ്രം പില്ക്കാലത്ത് മികച്ച മിഷൻ കേന്ദ്രമായി മാറി.

പുനരൈക്യത്തിനുള്ള സാദ്ധ്യതകളെ വിവരിച്ചുകൊണ്ടും, ഐക്യപ്പെടാൻ താത്പര്യം കാണിക്കുന്നവരെ എപ്രകാരം സ്വീകരിക്കണമെന്ന് ആലോചന ചോദിച്ചുകൊണ്ടും ചാവറയച്ചൻ റോമിലേക്കെഴുതിയപ്പോൾ 19-ാം നൂറ്റാണ്ടിലെ പുനരൈക്യപ്രസ്ഥാനത്തിനു ശക്തി വർധിപ്പിക്കുകയായിരുന്നു. ശീശ്മമെത്രാനെ അനുകൂലിച്ചാൽ മെത്രാൻപദവി നൽകാമെന്ന വാഗ്ദാനം നിഷേധിച്ച ചാവറയച്ചൻ സഭയുടെ ഐക്യത്തിനുവേണ്ടി മരണംവരെ നിലകൊണ്ടു. മരണക്കിടക്കയ്ക്കു ചുറ്റും കൂടിയവരെ ആശ്വസിപ്പിച്ചും ധൈര്യപ്പെടുത്തിയും അദ്ദേഹം പറഞ്ഞു: ''മാമോദീസയിൽ സ്വീകരിച്ച വരപ്രസാദം നഷ്ടപ്പെടുത്താതെ ഇതുവരെ ജീവിക്കാൻ സാധിച്ചു എന്ന് ധൈര്യമായി



പറയുവാൻ എനിക്കു കഴിയും.'' വിശുദ്ധ ജീവിതം നയിക്കാൻ അദ്ദേഹം അങ്ങേയറ്റം യത്നിച്ചുവെന്ന് ഇതു വ്യക്തമാക്കുന്നു.

1871 ജനുവരി 3-ാംതീയതി മരിക്കുന്നതുവരെയും വിശ്രമമറിയാത്ത ആ ജീവിതം സഭയുടെയും സമൂഹത്തിന്റെയും സേവനത്തിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിൽ സംസ്കരിക്കപ്പെട്ട ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ 1889-ൽ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദൈവാലയത്തിലേക്ക് മാറ്റി. ഈ രണ്ടു ദൈവാലയങ്ങളിലും അദ്ദേഹം വസിച്ച മറ്റിടങ്ങളിലും അനേകർ അദ്ദേഹത്തിന്റെ മധ്യസ്ഥതയിലുള്ള വിശ്വാസത്തോടെ പ്രാർത്ഥനയ്ക്കായെത്തി അനുഗ്രഹം പ്രാപിക്കുന്നു.

ദൈവവചനാധിഷ്ഠിതവും ക്രിസ്തുകേന്ദ്രീകൃതവുമായ ജീവിതം നയിച്ചിരുന്ന ചാവറയച്ചൻ ഭാരതസഭയിലെ ഒരു മിസ്റ്റിക്കും കൂടിയാണ്. സക്രാരിയുടെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്ന അദ്ദേഹം തികഞ്ഞ തിരുക്കുടുംബഭക്തനുമായിരുന്നു. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബം സ്വർഗ്ഗരാജ്യത്തിന്റെ പകർപ്പാണ് എന്നു പഠിപ്പിച്ച അദ്ദേഹത്തെ കുടുംബജീവിതക്കാരുടെ മദ്ധ്യസ്ഥനായി കാണണം. കുടുംബ ജീവിതക്കാർക്കായി അദ്ദേഹമെഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" ഇന്നും പുതുമ നിലനിറുത്തുന്നു. കൂടാതെ, ചാവറയച്ചൻ പുരോഹിതർക്ക് വഴികാട്ടിയും, സന്ന്യസ്തർക്ക് മാതൃകയുമാണ്.

**വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ**

1877 ഒക്ടോബർ 17-ന് തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ ചേർപ്പുക്കാരൻ എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകളായി ജനിച്ച റോസ ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവു മഠത്തിന്റെ ബോർഡിംഗ് ഹൗസിൽ തന്റെ ദൈവവിളിക്കു തുടക്കമിട്ടു. അനാരോഗ്യം എന്ന അഗ്നിപരീക്ഷയിലൂടെ ഉരുക്കി വാർക്കപ്പെട്ട റോസ തിരുക്കുടുംബത്തിന്റെ പ്രത്യേക ദർശനത്താൽ സന്ന്യാസജീവിതത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ ആയി അമ്പഴക്കാട്ടു കർമ്മലീത്ത മഠത്തിൽ സന്ന്യാസജീവിതം ആരംഭിക്കുകയും ചെയ്തു.

എവുപ്രാസ്യയുടെ ജീവിതം ഇങ്ങനെ സംഗ്രഹിക്കാം: കരങ്ങളിൽ ചലിക്കുന്ന ജപമാല, അധരങ്ങളിൽ മരിയസ്തുതികൾ, ഹൃദയ

ത്തിൽ ദിവ്യരഹസ്യങ്ങളുടെ ധ്യാനം. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ വിശുദ്ധരാകുമെന്ന സത്യം അവൾ ഇന്നത്തെ ലോകത്തെ പഠിപ്പിക്കുന്നു. തന്റെയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കുള്ള ആയുധമായിരുന്നു ജപമാല. രാത്രിയിലും പകലും നീണ്ടയാമങ്ങൾ അവൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാലാഖമാരുടെ രാജ്ഞി ആരാണെന്ന് അവൾ 9-ാം വയസ്സിൽ തിരിച്ചറിഞ്ഞു. അന്നുമുതൽ മാലാഖമാരോടുകൂടി ദൈവത്തെ സ്തുതിക്കേണ്ടത് എങ്ങനെ എന്ന് പരിശുദ്ധമാതാവ് അവളെ പഠിപ്പിച്ചു.

സന്ന്യാസിനീജീവിതത്തിൽ എവുപ്രാസ്യമ്മ രണ്ടു ഉത്തരവാദിത്വങ്ങളേ ഔദ്യോഗികമായി വഹിച്ചിട്ടുള്ളൂ: നവസന്ന്യാസിനികളുടെ ഗുരുത്തി, ഒല്ലൂർ മഠത്തിന്റെ സുപ്പീരിയർ. 1904-ൽ ആരംഭിച്ച ഗുരുത്തിസ്ഥാനം ഒൻപതു വർഷങ്ങൾക്കുശേഷം മഠാധിപയായപ്പോഴാണ് മാറ്റപ്പെട്ടത്. ഈ ജോലികൾ വിശ്വസ്തതയോടെ നിർവഹിക്കാൻ പ്രാർത്ഥനയും ഉപവാസവുമായിരുന്നു അവൾക്കു സഹായം. മഠത്തിന്റെ ഭരണം ഈശോയുടെ തിരുഹൃദയത്തെ തന്നെയാണ് അവൾ ഏല്പിച്ചത്. ഒല്ലൂർ മഠത്തിന്റെ പൂമുഖത്ത് എവുപ്രാസ്യ തിരുഹൃദയരൂപം പ്രതിഷ്ഠിച്ചു. തിരുഹൃദയക്കൊന്ത അവളുടെ ശക്തിസ്രോതസായി മാറി. ഒല്ലൂർ മഠത്തിലെ കപ്പേളയുടെ മൂലയ്ക്ക് പകലധികവും പ്രാർത്ഥിച്ചിരുന്ന എവുപ്രാസ്യമ്മയ്ക്ക് ജനം കൊടുത്ത പേരാണ് 'പ്രാർത്ഥിക്കുന്ന അമ്മ' എന്നത്. അവർ ആവശ്യങ്ങളും സങ്കടങ്ങളുമായി അമ്മയുടെ അടുത്ത് എത്തുമായിരുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്ന എല്ലാവർക്കും വേണ്ടി എവുപ്രാസ്യമ്മ മാധ്യസ്ഥ്യം വഹിച്ചു.

എവുപ്രാസ്യമ്മയുടെ സ്നേഹസ്പർശം കൂടുതൽ സ്വീകരിച്ചിട്ടുള്ളത് കുട്ടികളാണ്. കൊച്ചു കൊച്ചു പ്രാർത്ഥനകളും ആശ്വാസവചനങ്ങളും കുട്ടികളുടെ നൊമ്പരങ്ങളെ ഒപ്പിയെടുത്തു. പരീക്ഷയടുക്കുമ്പോഴായിരുന്നു അമ്മയുടെ അടുക്കൽ അവർ കൂടുതൽ ഓടിയെത്തിയിരുന്നത്. അതുപോലെ അമ്മയുടെ സ്നേഹപൂർവകമായ കരുതലും സാന്ത്വനവും ഏറ്റുവാങ്ങിയവരാണ് മഠത്തിലെ അന്തേവാസികളും. പ്രാർത്ഥന കൊണ്ട് പ്രവർത്തനങ്ങളെ വിശുദ്ധീകരിക്കാൻ അമ്മ ജോലിക്കാരെ അഭ്യസിപ്പിച്ചിരുന്നു. മറ്റുള്ളവർക്ക് പ്രകാശമേകിയ ആ പുണ്യജീവിതം 1952 ഓഗസ്റ്റ് 29-ന് എഴുപത്തിയഞ്ചാം വയസിൽ ഇഹലോകവാസം വെടിഞ്ഞു. എവുപ്രാസ്യമ്മയുടെ ഭൗതികശരീരം ഒല്ലൂർ കർമ്മലീത്താമഠത്തിൽ സംസ്കരിക്കപ്പെട്ടു. അമ്മയുടെ വിശുദ്ധി അനുഭവിച്ചറിഞ്ഞ അനേകർ അമ്മയുടെ മാധ്യസ്ഥ്യം നേടി ആ കബറിടത്തിങ്കലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. 1986 സെപ്തംബർ 27-ന് ആരംഭിച്ച നാമകരണനടപടികൾ ഇപ്പോൾ മകുടം ചൂടിയിരിക്കുന്നു. മറ്റുള്ളവരിൽ നിന്നു കൊച്ചു സഹായം സ്വീകരിക്കുമ്പോഴും 'മരിച്ചാലും മറക്കില്ലാട്ടോ' എന്ന് അമ്മ പറയുമായിരുന്നു. ആ വാക്ക് എവുപ്രാസ്യമ്മ സ്വർഗ്ഗത്തിലിരുന്ന് ഇന്നു നിറവേറ്റുന്നു.



പ്രാർത്ഥനയെയും പ്രവർത്തനങ്ങളെയും വ്യത്യസ്തതലങ്ങളിൽ സംയോജിപ്പിച്ച രണ്ടുവിശുദ്ധരെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ദൈവമനുഷ്യബന്ധങ്ങളിൽനിന്ന് അകലുന്ന ഇന്നത്തെ ലോകത്തിന് ചാവറയച്ചനും എവുപ്രാസ്യമ്മയും പ്രത്യേക പ്രചോദനവും മാതൃകയുമാണ്. കേരളസഭയുടെ ഈ പ്രിയപ്പെട്ട വീരസന്താനങ്ങൾ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന നവംബർ 23 ഞായറാഴ്ച സ്തുതിയുടെയും നന്ദിയുടെയും ദിനമായി നമുക്കാചരിക്കാം. കേരള കത്തോലിക്കാസഭയുടെ വിശുദ്ധീകരണത്തിനും, പ്രേഷിതവളർച്ചയ്ക്കും ദൈവവിളി പ്രോത്സാഹനത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും ഈ നവവിശുദ്ധരുടെ മാദ്ധ്യസ്ഥ്യം നമുക്കു സഹായകരമാകട്ടെ.

റോമിൽ നടക്കുന്ന നാമകരണ നടപടികളോടനുബന്ധിച്ച് ഈ രണ്ടു വിശുദ്ധരെ അനുസ്മരിക്കാൻ വേണ്ടി കേരള കത്തോലിക്കാസഭയിൽ നടത്തുന്ന "വിശുദ്ധിയുടെ ഉത്സവത്തിൽ" (ഖാദോഷ് ഫെസ്റ്റ്) സജീവമായി പങ്കുകൊള്ളാൻ ഏവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. നാമകരണ ശുശ്രൂഷകൾക്കുശേഷം അടുത്തുവരുന്ന ശനിയാഴ്ച നവംബർ 29-ന് കൊച്ചിയിലെ രാജഗിരി മൈതാനിയിൽ വെച്ചു നടക്കുന്ന കൃതജ്ഞതാബലിയിലും അനുസ്മരണസമ്മേളനത്തിലും പങ്കെടുക്കുവാൻ കേരളസഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും സമർപ്പിതരേയും എല്ലാ വിശ്വാസികളെയും പ്രത്യേകം ക്ഷണിക്കുന്നു. ഭാരതകത്തോലിക്കാമെത്രാൻസമിതിയുടെയും കേരളകത്തോലിക്കാസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഈ ദേശീയ ആഘോഷം നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെയും ക്രൈസ്തവ കൂട്ടായ്മയുടെയും സംഗമമാക്കിത്തീർക്കാം.

റോമിൽ നടക്കുന്ന നാമകരണ നടപടിയുടെയും അതിനോടനുബന്ധിച്ച് നമ്മുടെ നാട്ടിൽ നടക്കുന്ന പരിപാടികളുടെയും വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശുദ്ധരായ

ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം നമുക്കു യാചിക്കാം. സ്വർഗ്ഗീയവരങ്ങളാൽ അവർ നമ്മെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ നാടിനെയും നിറയ്ക്കട്ടെ.

നിങ്ങളെ ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**
പ്രസിഡന്റ്, കെസിബിസി
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

---

NB: 2014 നവംബർ 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

---

Prot. No. 1836/2014

# സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ
അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഇക്കഴിഞ്ഞ ആഗസ്റ്റ് 18 മുതൽ 30 വരെ നമ്മുടെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന 22-ാം സീറോ മലബാർ സിനഡിന്റെ രണ്ടാം സമ്മേളനത്തെ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ നിങ്ങളെല്ലാവരെയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആകെ 43 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. പ്രഥമദിവസം പിതാക്കന്മാർ ഒരുമിച്ച് പ്രാർത്ഥിച്ചും ധ്യാനി



ച്ചും വി. കുർബാനയർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിന്റെ ഔദ്യോഗിക പ്രവർത്തനങ്ങളിലേക്കു പ്രവേശിച്ചത്.

സിനഡിന്റെ കഴിഞ്ഞ ജനുവരിയിലെ സമ്മേളനത്തിനുശേഷം നടന്ന ചില പ്രധാന സംഭവങ്ങൾ അനുസ്മരിച്ചു കൊണ്ടാണ് പുതിയ വിഷയങ്ങളിലേക്കു കടന്നത്. അവയിൽ ഒന്നാണ് കഴിഞ്ഞ ഫെബ്രുവരിയിൽ പാലായിൽവച്ചു നടന്ന ഭാരതകത്തോലിക്കാ മെത്രാന്മാരുടെ ദ്വൈവാർഷിക പൊതുസമ്മേളനം. ഏറെ പ്രശംസനീയമായ രീതിയിൽ ഈ സമ്മേളനത്തിന് ആതിഥ്യം വഹിക്കാൻ പാലാ രൂപതയ്ക്കു കഴിഞ്ഞു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.

വത്തിക്കാനിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ടായിരുന്ന കർദ്ദിനാൾ ലൂർദ്ദുസാമി നിത്യവസതിയിലേക്കു വിളിക്കപ്പെട്ടു എന്നതാണ് മറ്റൊരു സംഭവം. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഒരു കാലഘട്ടത്തിലാണ് അദ്ദേഹം സുപ്രധാനമായ ഈ ചുമതല വഹിച്ചത്. അദ്ദേഹത്തിന്റെ വിലപ്പെട്ട ശുശ്രൂഷയെ നമുക്ക് നന്ദിയോടെ ഓർക്കുകയും വന്ദ്യപിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ മെത്രാന്മാർ ഉണ്ടായിരിക്കുന്നു എന്നതാണ് മറ്റൊരു പ്രധാന സംഭവം. പ്രഥമ സീറോമലബാർ മിഷൻ രൂപതയായ ഛാന്ദായുടെ ഇടയൻ അഭിവന്ദ്യ വിജയാനന്ദ് നെടുമ്പുറം C.M.I. സഭാനിയമപ്രകാരം വിരമിക്കുകയും തൽസ്ഥാനത്തേക്ക് അഭിവന്ദ്യ എഫ്രേം നരികുളം നിയമിക്കപ്പെടുകയും ചെയ്തു. കൂടാതെ, അമേരിക്കയിലെ ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി അഭിവന്ദ്യ ജോയി ആലപ്പാട്ടും നിയമിക്കപ്പെട്ടിരിക്കുന്നു. ഇരുവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം.

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോർജ്ജ് വലിയമറ്റം പിതാവ് സഭാനിയമപ്രകാരം മേൽപ്പട്ട ശുശ്രൂഷയിൽ നിന്ന് വിരമിക്കുകയും തൽസ്ഥാനത്ത് മാണ്ഡ്യാരൂപതയുടെ മെത്രാനായിരുന്ന മാർ ജോർജ്ജ് ഞരളക്കാട്ട് നിയമിതനാവുകയും ചെയ്തു. വലിയമറ്റം പിതാവിന്റെ സഭാശുശ്രൂഷയെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. ഞരളക്കാട്ടു പിതാവിനു പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യാം. സത്നാ രൂപതാദ്ധ്യക്ഷൻ മാർ മാത്യു വാണിയക്കിഴക്കേൽ ആരോഗ്യപരമായ കാരണങ്ങളാൽ രൂപതാദ്ധ്യക്ഷസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുന്നു. പിതാവിന്റെ ആരോഗ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**റോമിൽ ഒരു ഓഫീസ് (procura)**

നമ്മുടെ സഭാസംബന്ധമായ കാര്യങ്ങൾക്ക് ആവശ്യാനുസരണം വത്തിക്കാനുമായി ബന്ധപ്പെടുന്നതിന് സൗകര്യപ്രദമായ ഒരു ഓഫീസ് സംവിധാനം (procura) റോമിൽ സജ്ജമായി വരികയാണ്. അതിനുള്ള സ്ഥലവും കെട്ടിടവും സ്വന്തമാക്കുന്നതിനു നല്ലൊരു തുക നൽകേണ്ടതുണ്ട്. ഈ തുക സമാഹരിക്കുന്നതിനു രൂപതകളും മറ്റു ഉപകാരികളും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതു സംബന്ധിച്ചുള്ള വിവരങ്ങൾ നേരത്തേ അറിയിച്ചിട്ടുള്ളതാണ്.

**മതപീഡനം**

ഇറാക്ക്, സിറിയ തുടങ്ങിയ പശ്ചിമേഷ്യൻ പ്രദേശങ്ങളിൽ ക്രൈസ്തവർക്കും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുമെതിരായി കഠിനമായ പീഡനങ്ങളാണ് അരങ്ങേറുന്നത്. നിരപരാധികൾ മതത്തിന്റെ പേരിലും മറ്റും നിഷ്ഠൂരമായി വധിക്കപ്പെടുകയും എല്ലാം ഉപേക്ഷിച്ച് സ്വന്തം നാട്ടിൽനിന്ന് പലായനം ചെയ്യേണ്ടിവരികയും അല്ലെങ്കിൽ മതപരിവർത്തനത്തിന് നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന ദാരുണമായ അവസ്ഥയാണുള്ളത്. ഒരുകൂട്ടം ഭീകരപ്രവർത്തകരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിനെതിരെ ലോകമനസ്സാക്ഷി ഉണരേണ്ടതുണ്ട്. പീഡകരുടെ മാനസാന്തരത്തിനും ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനുമുള്ള ദൈവകൃപയ്ക്കായി എല്ലാവരും പ്രാർത്ഥിക്കണമെന്നും സാധ്യമായ എല്ലാ പിന്തുണയും ഈ പീഡിത സമൂഹത്തിനു നൽകണമെന്നും ഞാനഭ്യർത്ഥിക്കുന്നു. ബാഗ്ദാദിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസിനെ സന്ദർശിച്ച് നമ്മുടെ സഭയുടെ പ്രാർത്ഥനയും ഐക്യദാർഢ്യവും അറിയിക്കുന്നതിന് മെത്രാന്മാരുടെ ഒരു ഡലഗേഷൻ പോകുവാൻ സിനഡ് നിശ്ചയിച്ച കാര്യവും അറിയിക്കുന്നു.

**പ്രവാസികളുടെ അജപാലനം**

സീറോമലബാർ സഭയുടെ അധികാരപരിധിക്കു പുറത്ത് ഇന്ത്യയിലും മറ്റു വിദേശരാജ്യങ്ങളിലും വസിക്കുന്ന നമ്മുടെ സഭാമക്കളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പരിശ്രമങ്ങൾ തുടരുന്നു. പ്രത്യേകിച്ച് അറബ് രാജ്യങ്ങളിൽ സീറോമലബാർ സഭാംഗങ്ങളുടെ അജപാലനത്തിനായുള്ള സംവിധാനങ്ങൾ വേഗത്തിൽ സാധിതമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സിനഡ് പിതാക്കന്മാർ ഒപ്പിട്ട എഴുത്ത് മാർപാപ്പയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഇന്ത്യയിലും വിദേശത്തുമുള്ള പല ക്രൈസ്തവ സമൂഹങ്ങളെയും ഞാൻ നേരിട്ടു സന്ദർശിക്കുകയുണ്ടായി. ഇക്കാര്യത്തിനായി പ്രവാസികൾക്കും സുവിശേഷവത്കരണത്തിനും വേണ്ടിയുള്ള സിനഡിന്റെ കമ്മീഷനും അപ്പസ്തോലിക് വിസിറ്ററും ഉത്സാഹത്തോടെ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പരിശ്രമങ്ങൾ വിജയിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു. ആസ്ത്രേലിയായിൽ നമുക്കു ലഭിച്ച മെൽബൺ രൂപത ആരംഭദശയിലാണെങ്കിലും എല്ലാവരുടെയും സഹകരണത്തോടെ വളർച്ചയുടെ പാതയിലാണ്. ദൈവത്തിനു നമുക്കു നന്ദി പറയാം.



**മിഷൻ ഫണ്ട്**

നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സാമ്പത്തികമായും മറ്റും സഹായിച്ചു പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിരിക്കുന്ന ASSM എന്ന പ്രസ്ഥാനത്തിന് ഇതിനോടകം വളരെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തേ അറിയിച്ചിട്ടുള്ളതുപോലെ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കാൻ തയ്യാറായാൽ നമുക്ക് ഏറെക്കാര്യങ്ങൾ ചെയ്യാൻ സാധിക്കും. മിഷൻ രൂപതകൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും അത് വലിയ ഉത്തേജനമായിരിക്കും. ദനഹാ കഴിഞ്ഞുള്ള ഞായറാഴ്ച സീറോമലബാർ മിഷൻ സൺഡേയായി ആചരിച്ച് സംഭരിക്കുന്ന സംഭാവനകൾ മിഷൻ ഫണ്ടിന്റെ പ്രവർത്തനങ്ങൾക്കായി കൂരിയായിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് സിനഡ് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ നിങ്ങളെല്ലാവരുടെയും ഉദാരമായ സഹകരണം ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. ഇതുവരെ മിഷൻഫണ്ട് ചെയർമാനായി സേവനം ചെയ്തുവന്ന അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനു പകരമായി അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ചാർജ് എടുത്തിരിക്കുകയാണ്. മിഷൻഫണ്ട് സ്ഥാപിക്കാൻ പ്രചോദനമായിരുന്ന കരോട്ടെമ്പ്രേൽ പിതാവിനെ കൃതജ്ഞതയോടെ സമ്മേളനം അനുസ്മരിച്ചു.

**ദൈവവിളിയും പരിശീലനവും**

സഭയിൽ ദൈവവിളികളുടെ പ്രോത്സാഹനം, വൈദികാർത്ഥികളുടെ പരിശീലനം എന്നിവ സിനഡ് ഗൗരവപൂർവ്വം ചർച്ച ചെയ്തു. സന്ന്യാസ സമർപ്പിത ദൈവവിളികളും അതോടൊപ്പം സന്യസ്ത സഹോദരന്മാരുടെ ദൈവവിളികളും പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സമർപ്പിത ജീവിതം തെരഞ്ഞെ

ടുക്കുന്നവർക്ക് ശരിയായ പരിശീലനത്തിനാവശ്യമായ സഹായങ്ങളും മാർഗദർശനവും നൽകുന്നതിന് സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് സിനഡ് ഒരു ദൈവവിളി കമ്മീഷന് രൂപം കൊടുത്തു കഴിഞ്ഞു. നമ്മുടെ സഭയിലെ മേജർ സെമിനാരികളിൽ വൈദികാർത്ഥികൾക്കു നൽകപ്പെടുന്ന പരിശീലനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് സിനഡ് ചർച്ച ചെയ്യുകയും തുടർനട പടികൾ ഫലപ്രദമായി നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. സീറോ മലബാർ സഭയുടെ മിഷൻ സെമിനാരിയായി സത്നായിലെ സെന്റ് എഫ്രേംസ് മേജർ സെമിനാരിയെ സിനഡ് അംഗീകരിച്ചി രിക്കുന്ന കാര്യം അറിഞ്ഞിരിക്കുമല്ലോ. അവിടെ നല്ല രീതിയിൽ മിഷനറി ഫോർമേഷൻ കൊടുക്കാൻ പരിശ്രമിക്കുന്നു. സഭയിൽ പ്രേഷിതചൈതന്യം വളർത്താൻ അത് സഹായകരമാകും.

**സമർപ്പിതരുടെ വർഷം**

അടുത്ത വർഷം സമർപ്പിതരുടെ വർഷമായി ആചരിക്കാൻ കത്തോലിക്കാസഭ നിശ്ചയിച്ചിരിക്കുകയാണ്. സമർപ്പിതവർഷാച രണത്തെക്കുറിച്ചും സമർപ്പിത ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന തിനെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സുമായി സിനഡിന്റെ പ്രത്യേക സമ്മേളനം നടത്തുക യുണ്ടായി. മറ്റു വ്യക്തിസഭകളിൽ സേവനം ചെയ്യുന്ന സന്ന്യാസസമൂ ഹങ്ങളുടെ പ്രവർത്തനത്തിനു വേണ്ട മാർഗ്ഗനിർദ്ദേശം നല്കുന്നതി നായുള്ള മാർഗ്ഗരേഖ സിനഡ് അംഗീകരിക്കുകയുണ്ടായി. സമർപ്പിത വർഷാചരണത്തിന്റെ ആരംഭത്തിൽത്തന്നെ നമ്മുടെ സഭയിലെ രണ്ടു സന്ന്യസ്തരുടെ വിശുദ്ധപദവി പ്രഖ്യാപനം നടക്കുന്നു എന്നത് നമുക്ക് അഭിമാനവും സന്തോഷവും നൽകുന്ന കാര്യമാണ്. നവംബർ 23-ന് വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് അച്ചനും എവുപ്രാസ്യ മ്മയും വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നതിൽ നമുക്ക് ദൈവത്തോട് നന്ദി പറയാം. അതോടനുബന്ധിച്ചു നടത്തുന്ന പ്രധാന പൊതുപരി പാടികളിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകുമെന്നും അവ എല്ലാവരുടെയും ആത്മീയവളർച്ചക്ക് സഹായകമാകുമെന്നും കരുതുന്നു. പുണ്യചരിതനായ ഫോർത്തുണാത്തൂസ് താൻഹോയ്സർ എന്ന സന്യാസസഹോദരന്റെ നാമകരണനടപടി ആരംഭിക്കുന്നതിന് സിനഡ് അനുകൂലമായ തീരുമാനം എടുത്തു. കാഞ്ഞിരപ്പള്ളിയിലെ കട്ടപ്പന പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ പ്രേഷിതരംഗം.



സിനഡ് ചർച്ച ചെയ്ത മറ്റു ചില വിഷയങ്ങൾ താഴെ പറയുന്നവയാണ്.

**സീറോ മലബാർ യൂത്ത് മൂവ്മെന്റ്**

ലത്തീൻ സഭയ്ക്കും സീറോ മലങ്കര സഭയ്ക്കും പ്രത്യേകം പ്രത്യേകം യുവജനപ്രസ്ഥാനങ്ങളുള്ളതുപോലെ നമ്മുടെ സഭയിലും സീറോ മലബാർ യൂത്ത് മൂവ്മെന്റ് എന്ന പേരിൽ യുവജനപ്ര സ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നു. അതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 30-ന് മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. പുതിയ നിയമാവലിക്കനുസരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്തുവാൻ എല്ലാ രൂപതകളും പരിശ്രമിക്കുമല്ലോ. വളരെ സജീവമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ജീസസ് യൂത്ത്. അവർ മാതൃസഭ യോടു ചേർന്നു പ്രവർത്തിക്കാനും സഭയ്ക്കു ചേർന്ന വിധം വിശ്വാസ പരിശീലനം ആർജ്ജിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.

**കത്തോലിക്കാകോൺഗ്രസ്**

കത്തോലിക്കാകോൺഗ്രസ് സീറോ മലബാർ സഭയിൽ ശക്തി പ്രാപിച്ചു വരികയാണ്. രൂപതാതലത്തിൽ ഈ സംഘടനയെ വളർത്തിയെടുക്കാൻ എല്ലാവരും ഒന്നുചേർന്നു പ്രവർത്തിക്കണം. നമ്മുടെ സഭയിലെ പ്രായപൂർത്തിയായ എല്ലാ അല്മായരെയും ഏകോപിപ്പിക്കുന്ന ഒരു സംഘടനയായി, വിഭാഗീയതകൾക്ക് അടിമ പ്പെടാതെ കത്തോലിക്കാകോൺഗ്രസ് ഒത്തൊരുമിച്ച് പ്രവർത്തി ക്കേണ്ടതുണ്ട്. സഭാതലത്തിൽ അടുത്ത കാലത്തു പ്രവർത്തനമാരംഭിച്ച വനിതാ ഫോറം വളർന്നു വരുന്നതിൽ സന്തോഷമുണ്ട്.

**കുടുംബകൂട്ടായ്മകൾ**

കുടുംബകൂട്ടായ്മകൾക്ക് അജപാലനശുശ്രൂഷയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സഹായകരമായ ഒരു മാർഗരേഖക്ക് രൂപം കൊടുത്തു വരുന്നു.

**സംരക്ഷണകേന്ദ്രങ്ങൾ**

ജീവകാരുണ്യ പ്രവർത്തന രംഗത്ത് നമ്മുടെ സഭ മുൻപന്തിയിൽ തന്നെയാണ്. അഗതികൾ, പരസഹായം ആവശ്യമുള്ള വൃദ്ധജന ങ്ങൾ, ശാരീരികവും മാനസികവുമായ ന്യൂനതകളുള്ളവർ, അനാഥർ തുടങ്ങിയ സഹോദരങ്ങൾക്ക് സാധ്യമായ ശുശ്രൂഷകളും സംരക്ഷ ണവും നൽകുന്നതിനുള്ള ധാരാളം ഭവനങ്ങളും കേന്ദ്രങ്ങളും സീറോ മലബാർ സഭയിലുണ്ട്. വൈദികരും സന്ന്യസ്തരും അല്മായ സഹോ

ദരങ്ങളും ഇക്കാര്യത്തിൽ വളരെ താൽപര്യത്തോടെ പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് എല്ലാക്കാര്യങ്ങളിലും നിയമാനുസൃതമായിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിദ്യാഭ്യാസരംഗം**

സഭയുടെ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസരംഗം അതിപ്രധാനമാണ്. സഭയുടെ പ്രബോധനദൗത്യത്തിൽ പങ്കുചേരുന്നവരാണ് അദ്ധ്യാപകർ. അവരുടെ ശുശ്രൂഷ വിലപ്പെട്ടതാണ്. ഭൗതികവിദ്യാഭ്യാസകാര്യത്തിൽ മികവു പുലർത്തുന്നതോടൊപ്പം കുട്ടികളുടെ ധാർമ്മികവും മൂല്യാധിഷ്ഠിതവുമായ ജീവിതത്തിന് അടിത്തറ പാകാനും അദ്ധ്യാപകർ ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ സഭയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അദ്ധ്യാപകർ സഭയുടെ ദർശനം ഉൾക്കൊണ്ട് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**സഭൈക്യ പ്രവർത്തനങ്ങൾ**

സഭൈക്യ പ്രവർത്തനങ്ങൾ സജീവമാക്കാനും മതാന്തര ബന്ധങ്ങളിലൂടെ മതസൗഹാർദ്ദം വളർത്താനും നാം പരിശ്രമിക്കണം. സഭൈക്യസംബന്ധമായ വിഷയങ്ങളിൽ ആവശ്യമായ അറിവും പരിശീലനവും വൈദികവിദ്യാർത്ഥികൾക്ക് നൽകാൻ ശ്രദ്ധിക്കണം.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**

കേരളസർക്കാരിന്റെ മദ്യനയത്തെ സഭ പിന്തുണയ്ക്കുന്നു. ഒരു മദ്യവിമുക്ത സമൂഹമാണ് നമ്മുടെ ലക്ഷ്യം. ഈ വിഷയത്തിൽ ബോധവത്കരണവും നിരന്തരമായ ജാഗ്രതയും ആവശ്യമാണ്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും വ്യാപകവുമാക്കി ലഹരിരഹിത സമൂഹത്തെ രൂപപ്പെടുത്താൻ നമുക്ക് ശ്രമിക്കാം.

മറ്റു ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. സീറോ മലബാർ സഭയെ സംബന്ധിച്ച മനോഹരമായ ഒരു ഡോക്യുമെന്ററി ഫിലിം"മാർഗം"എന്ന പേരിൽ നിർമ്മിച്ചിരിക്കുന്നു. അതിന് പ്രചാരം നൽകുന്നത് നന്നായിരിക്കും. മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികളുടെ ഭാഗമായി ആഗസ്റ്റ് 23-ന് മെത്രാന്മാർ സപ്തദൈവാലയങ്ങളിലൊന്നായ പറവൂർ, കോട്ടക്കാവ് പള്ളിയിലേക്ക് തീർത്ഥാടനം നടത്തുകയുണ്ടായി. മെത്രാന്മാരുടെ ഭൗതിക ശരീരം ഇനിമുതൽ ദൈവാലയത്തിലെ മദ്ബഹായിൽ അടക്കേണ്ടതില്ല എന്ന് സിനഡ് തീരുമാനിക്കുകയുണ്ടായി.



ക്നാനായ സമൂഹത്തിന്റെ ആശങ്കകളെയും ആവശ്യങ്ങളെയും കുറിച്ച് സമ്മേളനം ചർച്ച ചെയ്യുകയും വിശദമായ പഠനത്തിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം 30-ാം തീയതി ഉച്ചയ്ക്ക് 12.30 മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2014-ാം ആണ്ട് ഒക്ടോബർ മാസം 10-ാം തിയതി നൽകപ്പെട്ടത്.

N.B: ഈ വിജ്ഞാപനത്തിന്റെ സാരാംശം നവംബർ മാസം 30-ാം തീയതിയ്ക്കു മുമ്പായി ഉചിതമായ മാർഗങ്ങളിലൂടെ ഇടവകയിലും സന്യാസസമൂഹങ്ങളിലും അറിയിക്കേണ്ടതാണ്.

Prot. No. 126/2014

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്.

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം കൈമുതലായുള്ള സമുദായ സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്. സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാമുദായികവും സാംസ്കാരികവും രാഷ്ട്രീയവുമായ താല്പര്യങ്ങളുടെ പരിരക്ഷണവും സമുദാ

യത്തിന്റെ സർവതോമുഖമായ ഉത്ക്കർഷവുമാണ് ഈ സംഘടനയുടെ ലക്ഷ്യം.

തൊഴിൽരംഗത്തും വിദ്യാഭ്യാസരംഗത്തും ഭരണരംഗത്തും സമുദായാംഗങ്ങൾ പ്രകടമായ വിവേചനത്തിനു വിധേയരായ അവസരങ്ങളിൽ സമുദായത്തിന്റെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിക്കാൻ കത്തോലിക്കാ കോൺഗ്രസ് രംഗത്തുവന്നിട്ടുണ്ട്. നമ്മുടെ രൂപതാംഗമായ ഷെവലിയർ തര്യത് കുഞ്ഞിത്തൊമ്മൻ അവകാശസംരക്ഷണത്തിനായി നല്കിയ നേതൃത്വം അഭിമാനകരമാണ്. ആ നല്ല പാരമ്പര്യം പിൻതുടർന്ന് പുതിയ ഉന്മേഷത്തോടെ ഒത്തുചേരേണ്ട സമയമാണിത്.

അതിസമ്പന്നമായ പൈതൃകത്തിന് അവകാശികളാണ് സീറോ മലബാർ സഭാംഗങ്ങൾ എന്ന സത്യം നന്ദിയോടെ നമുക്ക് അനുസ്മരിക്കാം. ഉത്ഥിതനായ യേശുവിന്റെ മുമ്പിൽ 'എന്റെ കർത്താവേ എന്റെ ദൈവമെ' എന്ന ഉറച്ച വിശ്വാസപ്രഖ്യാപനം നടത്തുകയും വഴിയും സത്യവും ജീവനുമായ യേശുവിനുവേണ്ടി മരിക്കാനുള്ള തീവ്രമായ ആഗ്രഹത്തോടെ പ്രേഷിതവേലയ്ക്കായി ഇറങ്ങിപുറപ്പെടുകയും ചെയ്ത തോമാശ്ലീഹായിൽനിന്ന് ആദ്യനൂറ്റാണ്ടിൽ വിശ്വാസം സ്വീകരിച്ചവരുടെ പിൻതലമുറക്കാരെന്ന നിലയിൽ നമുക്ക് ഒരു വലിയ ദൗത്യമുണ്ട്: രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാൻ, സമൂഹത്തിന്റെ സമഗ്രമായ മോചനത്തിനും വളർച്ചയ്ക്കുംവേണ്ടി അദ്ധ്വാനിക്കാൻ.

സഭ ദൈവജനമാണെന്ന സത്യം ഹൃദയത്തിൽ ഉറപ്പിച്ചുകൊണ്ട് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിക്കേണ്ടവരാണ് സീറോ മലബാർ സഭാംഗങ്ങൾ. സകലർക്കും ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുംവേണ്ടി ജീവൻ ഹോമിച്ച യേശുവിന്റെ ചൈതന്യത്തോടെ നമ്മുടെ സമൂഹത്തിൽ പുതുജീവൻ പകരാൻ, അന്ധകാരമകറ്റി പ്രകാശപൂരിതമാക്കാൻ ദൈവജനം ഒന്നുചേരണം.

പടിഞ്ഞാറൻ നാടുകളിൽ പലയിടങ്ങളിലും ദൈവാലയങ്ങൾ ശൂന്യമാകുമ്പോഴും നമ്മുടെ ദൈവാലയങ്ങൾ വിശ്വാസികളെക്കൊണ്ടു നിറയുന്നു. വി. ബലിയിൽ പങ്കുചേരുന്നവരുടെയും വി. കുർബാന സ്വീകരിക്കുന്നവരുടെയും തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്നവരുടെയും തിരുനാൾ ആഘോഷങ്ങളിൽ വന്നുചേരുന്നവരുടെയും എണ്ണം വർദ്ധിക്കുന്നതിൽ നമുക്ക് സന്തോഷിക്കാനും അഭിമാനിക്കാനും ദൈവത്തിന് നന്ദി പറയാനും അവകാശമുണ്ട്. വിശ്വാസവും ഭക്തിയും വളരുന്നതിനനുസരിച്ച് ചുറ്റുമുള്ള ലോകത്തെ നവീകരിക്കുകയും വിശു



ദ്ധീകരിക്കുകയും ചെയ്യുന്ന സമൂഹമാകണം നമ്മുടെ സഭ. സുവിശേഷമൂല്യങ്ങൾ വിശാലസമൂഹത്തിനു രുചി പകരണം, വെളിച്ചമാകണം. ചിട്ടയായി, അച്ചടക്കത്തോടെ നടത്തുന്ന പ്രദക്ഷിണങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകുന്നുണ്ട്. സമയക്രമം പാലിച്ചുകൊണ്ടുള്ള നമ്മുടെ ചടങ്ങുകളും മീറ്റിംഗുകളും അനുകരണീയമായ മാതൃക നല്കുന്നുണ്ട്. മൂല്യങ്ങളുടെ തലത്തിൽ നമുക്ക് മാതൃക നല്കാവുന്ന മേഖലകൾ നിരവധിയാണ്. അവ കണ്ടെത്താനുള്ള ഭാവനാസമ്പത്തും നടപ്പിലാക്കാനുള്ള കർമ്മശേഷിയും നമ്മൾ ആർജ്ജിക്കണം.

കൃഷിക്കാരും ചെറിയശമ്പളം പറ്റുന്നവരും വലിയ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഈ അവസരത്തിൽ കുടുംബങ്ങളിലെ ആഘോഷങ്ങൾ ലളിതമാക്കുന്നത് ഭൂരിപക്ഷത്തിന് വലിയ സഹായമായിരിക്കും. വിവാഹം, മാമ്മോദീസ, വീടുവെഞ്ചരിപ്പ് തുടങ്ങിയ അവസരങ്ങളിൽ ധൂർത്ത് ഒഴിവാക്കി ആഘോഷങ്ങൾ ഹൃദ്യവും ലളിതവുമാക്കി നമുക്ക് മാതൃകയാകാം. വീടുപണിയുടെ കാര്യത്തിലും ആഢംബരം ഒഴിവാക്കാം. വിവാഹാഘോഷം, വീടുപണി തുടങ്ങിയവയുടെ ചെലവു ചുരുക്കി വിവാഹ സഹായവും വീടുപണിക്കു സഹായവും നല്കാം. ഫ്ളക്സ് ബോർഡിൽ ഉയർത്തുന്ന പൊള്ളയായ ആത്മപ്രശംസ വേണ്ടെന്നുവയ്ക്കാം. വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതോടൊപ്പം പൊതുസ്ഥലങ്ങളും മാലിന്യമുക്തമാക്കാം.

മദ്യത്തിന്റെ ഉപയോഗം കുറച്ച് സമൂഹത്തിന്റെ സാമ്പത്തിക സുസ്ഥിതിയും സാംസ്കാരിക നിലവാരവും ഉയർത്തുന്നതിന് നമുക്ക് നേതൃത്വം നല്കാം. മദ്യരോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമത്തിനുവേണ്ടി പദ്ധതികൾ തയ്യാറാക്കാം.

അടുക്കള തോട്ടങ്ങളും പച്ചക്കറിക്കൃഷിയും പ്രോത്സാഹിപ്പിച്ച് നാടിനെ സ്വയം പര്യാപ്തതയിലേക്കു നയിക്കാം. ഓരോ ഇടവകയിലും ഏറ്റവും നല്ല അടുക്കള തോട്ടത്തിന് സമ്മാനം നല്കി പ്രോത്സാഹിപ്പിക്കാം.

സർക്കാർ ഓഫീസുകളിലും, ബിസിനസ് രംഗത്തും, ഭരണരംഗത്തും സമുദായാംഗങ്ങളുടെ പങ്കാളിത്തം തികച്ചും അപര്യാപ്തമാണ്. ഈ കുറവു നികത്താൻ വേണ്ട പദ്ധതികൾ രൂപപ്പെടുത്താനും നടപ്പിലാക്കാനും കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നല്കണം.

ഇടവകജീവിതത്തിലും സംഘടനകളിലും സജീവമായി പ്രവർത്തിക്കുന്നതോടൊപ്പം സമുദായത്തിന്റെ സംഘടിതബലം

പൊതുസമൂഹത്തിന്റെ നവീകരണത്തിനും വളർച്ചയ്ക്കും ശ്രേയസ്സിനും വേണ്ടി ഏകോപിപ്പിക്കാൻ പോരുന്ന കർമ്മശേഷിയും ഒരുമയും ചൈതന്യവുമുള്ള ഒരു സംഘടനയായി രൂപതയിലെ കത്തോലിക്കാ കോൺഗ്രസ് വളരണം.

കത്തോലിക്കാ കോൺഗ്രസിന്റെ രൂപതാസംഗമം മൂവാറ്റുപുഴയിൽ ഡിസംബർ 13-ാം തീയതി ശനിയാഴ്ച മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ നടക്കുകയാണ്. രൂപതാസമ്മേളനത്തിന് ഒരുക്കമായി എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ ശാഖ സ്ഥാപിക്കാനും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാനും ബഹു. അച്ചന്മാരും സംഘടനാഭാരവാഹികളും പ്രവർത്തകരും ശ്രദ്ധിക്കുമല്ലോ. സമ്മേളനത്തിന്റെ വിജയത്തിനും സംഘടനാപ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കുമായി നമുക്ക് പ്രാർത്ഥിക്കാം.

കത്തോലിക്കാ കോൺഗ്രസിന്റെ ഭാരവാഹികളേയും പ്രവർത്തകരേയും അഭ്യുദയകാംക്ഷികളേയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരോരുത്തരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്,
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം മെത്രാൻ

N.B: ഈ സർക്കുലർ നവംബർ 9-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

## എമ്മാനുവേൽ ധ്യാനകേന്ദ്രം

*ERC 1/2014* **എമ്മാനുവേൽ ധ്യാനകേന്ദ്രം, വാഴക്കുളം**

ദീർഘനാളത്തെ പ്രതീക്ഷാനിർഭരമായ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായി കോതമംഗലം രൂപതയ്ക്ക് ഒരു ധ്യാനകേന്ദ്രം എന്ന സ്വപ്നം സാക്ഷാത്ക്കരിപ്പെട്ടിരിക്കുന്നു എന്ന കാര്യം സന്തോഷപൂർവം എല്ലാവരെയും അറിയിക്കുകയാണ്.



വാഴക്കുളത്ത് 2014 ഒക്ടോബർ 18-ന് ധ്യാനകേന്ദ്രത്തിന് ഔദ്യോഗികമായ തുടക്കം കുറിച്ചു. ധ്യാനകേന്ദ്രം ഡയറക്ടറായി ബഹു. ജോർജ് ചേറ്റൂർ അച്ചനെയാണ് നിയോഗിച്ചിരിക്കുന്നത്. ഈ ധ്യാനകേന്ദ്രത്തിന് സ്ഥലം നൽകി സഹായിച്ച ഡോ. ജോസ് കൊറ്റാഞ്ചേരിയോടും കുടുംബത്തോടും രൂപതയ്ക്കുള്ള കടപ്പാടും നന്ദിയും അറിയിക്കുന്നു. ഈ ധ്യാനകേന്ദ്രത്തിന്റെ വളർച്ചയ്ക്കായി ഏവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

എല്ലാ ശനിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ജപമാല, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ദൈവകരുണയുടെ ജപമാല എന്നീ ശുശ്രൂഷകളും, എല്ലാ ദിവസവും വൈകുന്നേരം ജപമാലയും ഉണ്ടായിരിക്കും.

*Bishop*

## രൂപതക്കച്ചേരി

*C. 71/2014* **വാ. ചാവറയച്ചന്റെയും വാ. എവുപ്രാസ്യമ്മയുടെയും വിശുദ്ധപദപ്രഖ്യാപനം**

കേരളസഭയുടെ അഭിമാനപാത്രങ്ങളായ വാ. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനും വാ. എവുപ്രാസ്യമ്മയും 2014 നവംബർ മാസം 23-ാം തീയതി വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുകയാണല്ലോ. അവർണ്ണനീയമായ ഈ ദൈവികദാനത്തിന് നന്ദി പറയുവാൻ 2014 നവംബർ 29-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കാക്കനാട് രാജഗിരി വാലിയിൽ കൃതജ്ഞതാബലിയർപ്പണവും പൊതുസമ്മേളനവും നടത്തുന്നു. നമ്മുടെ രൂപതയിൽനിന്നും കഴിയുന്നത്ര വൈദികരും സന്യസ്തരും ദൈവജനവും ഇതിൽ പങ്കുചേർന്ന് വലിയ വിശ്വാസസാക്ഷ്യം നൽകേണ്ടതുണ്ട്. കൃതജ്ഞതാബലിയിൽ പങ്കുചേരുന്ന ബഹു. വൈദികർ തിരുവസ്ത്രങ്ങൾ കരുതണം. ഉച്ചകഴിഞ്ഞ് 1.30-ന് ബലിയർപ്പണത്തിന് ഒരുക്കമായുള്ള പ്രദക്ഷിണം ആരംഭിക്കുന്നതാണ്. ഇത് സംബന്ധിച്ച നോട്ടീസുകൾ യഥാസമയം വീടുകളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

2014 നവംബർ 23-ന് ഇടവകകളിൽ വിശുദ്ധരുടെ ഛായാചിത്രങ്ങൾവച്ച് കൃതജ്ഞതാബലി അർപ്പിക്കുകയും റോമിൽ വിശുദ്ധപദവി

പ്രഖ്യാപനം നടക്കുന്ന സമയത്ത് (ഇൻഡ്യൻ സമയം ഉച്ചകഴിഞ്ഞ് 2.00-ന്) എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതയുടെ അടയാളമായി കൂട്ടമണി അടിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യം മുൻകൂട്ടി ദൈവാലയങ്ങളിൽ അറിയിക്കണം.

*Bishop*

### *C. 72 /2014* കുടുംബക്കല്ലറകൾ

നിലവിലുള്ള കുടുംബക്കല്ലറകൾ രൂപതയിൽനിന്നും രേഖാമൂലം അനുവാദം വാങ്ങി സ്ഥാപിച്ചവയാണോ എന്ന് പരിശോധിച്ച് അതിന്റെ രേഖകൾ ഇടവകയിൽ സൂക്ഷിച്ചിട്ടില്ലായെങ്കിൽ കല്ലറ സ്ഥാപിച്ച വർഷം രേഖപ്പെടുത്തി അപേക്ഷ സമർപ്പിച്ച് കല്പന വാങ്ങേണ്ടതാണ്.

*Bishop*

### *C. 73/2014* ജൂബിലി ആശംസകൾ

